പാരിപ്പള്ളി മെഡിക്കൽ കോളേജ്

110(810) ശ്രീ. ഡി. കെ. മുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇ.എസ്.ഐ.-യിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാക്കുന്നതിനായി സർക്കാരും ഇ.എസ്.ഐ. കോർപ്പറേഷനും തമ്മിലുള്ള വ്യവസ്ഥകൾ സംബന്ധിച്ച വിശദ വിവരം നൽകുമോ;

(സി) ഇ.എസ്.ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് സുഗമമായ ചികിത്സ നല്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇ.എസ്.ഐ.സി.-യിലെ സ്റ്റാഫുകളെ മെഡിക്കൽ കോളേജിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അത് സംബന്ധിച്ച വിശദ വിവരം നല്കുമോ; പ്രസ്തുത ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 1-12-2015-ലെ സ.ഉ. (കൈ) നമ്പർ 272/2015/ആ.കു.വ. പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം അനിവാര്യമാണ്. 2016-17 അദ്ധ്യയന വർഷം തന്നെ പ്രസ്തുത കോളേജിൽ മെഡിക്കൽ പ്രവേശനം സാധ്യമാക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കും പ്രകാരമുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചാലുടൻ പ്രസ്തുത കോളേജിൽ പ്രവേശനം നടത്താൻ കഴിയും.

(ബി&സി) ഇ.എസ്.ഐ. കോർപ്പറേഷനുമായി സർക്കാർ ഒപ്പുവച്ച ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജിലെ 35% M.B.B.S. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷൻകീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് മാത്രമായി മാറ്റിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന സർക്കാർ ഏറ്റെടുത്ത പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിലെ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ്/മിനിസ്റ്റീരിയൽ/മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ സംസ്ഥാന സർവ്വീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരാൻ ധാരണയായിട്ടുണ്ട്. ഇത്തരം ജീവനക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ മുതലായവ) നഷ്ടപ്പെടാതെ തന്നെയായിരിക്കും ഇവരുടെ അന്യത്ര സേവന നിയമനം. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ പാരിപ്പള്ളി മെഡിക്കൽ കോളേജിൽത്തന്നെ തുടരാവുന്നതാണ്. അല്ലാത്തപക്ഷം അവർക്ക് ഉചിതമായി നിയമനം ഇ.എസ്.ഐ. കോർപ്പറേഷൻ നൽകുന്നതാണ്.

സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം

111(811) <u>ശ്രീമതി ജമീലാ പ്രകാശം</u> :

<u>ശ്രീ. സി. കെ. നാണു</u> :

<u>ശ്രീ. ജോസ് തെറ്റയിൽ</u> :

<u>ശ്രീ. മാത്യു റ്റി.തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളാണ് സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാം;

(ബി) ഈ മെഡിക്കൽ കോളേജുകളിൽ സ്റ്റാനിംഗിനും മറ്റും നിലവിലുള്ള സൗകര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ചികിത്സാ സംവിധാനങ്ങളുടെയും പേരായ്മ സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിനേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ അദ്ധ്യയനം നടക്കുന്ന 9 മെഡിക്കൽ കോളേജുകൾ സർക്കാരിന്റെ ഉടമസ്ഥതയിൽ ഉണ്ട്. അവ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മഞ്ചേരി, എറണാകുളം, പട്ടികജാതി വികസനത്തിന്റെ കീഴിലുള്ള

LIBRARY ARCHIVES Kerala Legislative Assembly